(ഇ) ഈ വർഷത്തെ ബഡ്ജറ്റിൽ ഈ ജോലികൾക്കുവേണ്ടി എന്തു തുക ഉൾപ്പെടുത്തിയിട്ടുണ്ട്;

(എഫ്) ഇവയുടെ ടെൻഡർ വിളിച്ചുവോ?

ഉത്തരം

(എ) മുതലപ്പൊഴി, പൊന്നാനി, തലായി എന്നിവിടങ്ങളിൽ.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) കേന്ദ്രാനുമതിക്ക് വിധേയമായി സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകിയിട്ടില്ല.

(ഡി) മുതലപ്പൊഴി - 1460 ലക്ഷം രൂപ
പൊന്നാനി - 2970 ,,
തലായി - 1370 ,,

(ഇ) ഓരോ തുറമുഖത്തിനും 2 ലക്ഷം രൂപ വീതം ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ഇല്ല.

6 (420) ജലകൃഷി വിദഗ്ദ്ധരുടെ സേവനം

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് ഡയറക്ടറുടെ 4.3.97 ലെ എ2. 58/96 എന്ന ഉത്തരവ് അനുസരിച്ച് എത്ര ജലകൃഷി വിദഗ്ദ്ധരെയാണ് മത്സ്യകൃഷി കർഷകവികസന ഏജൻസിയിൽ നിയമിച്ചത്;

(ബി) ഇവരെ കോൺട്രാക്ട് അടിസ്ഥാനത്തിലാണോ നിയമിച്ചത്;

(സി) ഇവരുടെ ശമ്പളം എത്രയായിരുന്നു;

(ഡി) ഇവരുടെ നിയമനകാലാവധി എപ്പോഴെല്ലാം നീട്ടി.

(ഇ) ഇവരുടെ നിയമനം നീട്ടിയപ്പോഴെല്ലാം കോൺട്രാക്ട് പുതുക്കുകയുണ്ടായോ;

(എഫ്) ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ;

(ജി) താൽക്കാലികരായി നിയമിച്ച ഗസറ്റഡ് പോസ്റ്റ് വഹിക്കുന്ന ഇവരുടെ നിയമനം റഗുലറൈസ് ചെയ്യുന്നത് ക്രമാനുസൃതമാണോ എന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) 4.3.97 ലെ എ2/ 58/99 ഉത്തരവ് പ്രകാരം 19 പേരെ ജലകൃഷി വിദഗ്ദരായി നിയമിച്ചു.

(ബി) കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നിയമനം നടത്തിയത്.

(സി) 2000-3200 ആണ് ശമ്പളനിരക്ക്.

(ഡി) ഇവരുടെ നിയമനകാലാവധി 10.3.98 ലെ ജി.ഒ.(ആർ.റ്റി) 75/98/എഫ്. ആന്റ് പി.ഡി. പ്രകാരം ഒരുവർഷത്തേക്കും 10.3.99 ലെ ജി.ഒ. (ആർ.റ്റി)122/99 എഫ്. ആന്റ് പി.ഡി. പ്രകാരം വീണ്ടും ഒരു വർഷത്തേയ്ക്കും കൂടി നീട്ടി നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കോൺട്രാക്ട് പുതുക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) "എഫ്"ലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

7 (421) മടക്കരയിൽ ഫിഷറീസ് ഡിസ്പെൻസറി അനുവദിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാട്ടൂൾ പഞ്ചായത്തിലെ മടക്കരയിൽ ഒരു ഫിഷറീസ് ഡിസ്പെൻസറി അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുമോ;

(ബി) ഈ പ്രദേശത്ത് ഫിഷറീസ് ഡിസ്പെൻസറി ആരംഭിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) ഇക്കാര്യം പരിശോധിച്ചു വരികയാണ്.

8 (422) അഴീക്കൽ ഫിഷറീസ് ഹൈസ്കൂൾ

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷറീസ് ഹൈസ്കൂളിന് കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ തുക അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(ബി) പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠനത്തിന് ആവശ്യമായ സ്കൂൾ എന്ന പൊതു പ്രാധാന്യം പരിഗണിച്ച് ഈ സ്കൂൾ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ നാലര ലക്ഷം രൂപ അനുവദിക്കുമോ?

ഉത്തരം

(എ)&(ബി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

9 (423) ചെമ്മീൻ കുഞ്ഞുങ്ങളെ വളർത്തുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ ചെമ്മീൻ കുഞ്ഞുങ്ങളെ വളർത്തുന്നതിന് എത്ര ഏക്കർ സ്ഥലമാണ് വിലയ്ക്ക് എടുത്തിട്ടുള്ളതെന്നും എന്നാണ് വിലയ്ക്ക് എടുത്തതെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly